**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2121** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിൽ പുതിയ അക്ഷയ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിൽ പുതിയ അക്ഷയ സെന്റർ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിൽ ചാവക്കാട് മുൻസിപ്പാലിറ്റിയിലെ നൂർലിഫ് ഇസ്ലാം-സൗത്ത് പാലയൂർ, ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ മുത്തമ്മാവ് എന്നീ പുതിയ ലൊക്കേഷനുകളിലേയ്ക്ക് അക്ഷയ സംരംഭക തിരഞ്ഞെടുപ്പിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ ഒരുമനയൂർ ഗ്രാമപഞ്ചായത്തിലെ മുത്തമ്മാവ് ലൊക്കേഷനിലേയ്ക്കുള്ള സംരംഭക നിയമന നടപടികൾ കോടതി വ്യവഹാരത്തെ തുടർന്ന് നിർത്തി വെച്ചിരിക്കുകയാണ്.<br><br>നൂർലിഫ് ഇസ്ലാം - സൗത്ത് പാലയൂർ ലൊക്കേഷനിലേയ്ക്ക് അക്ഷയ സംരംഭക തിരഞ്ഞെടുപ്പിനായുള്ള തുടർനടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ച് വരുന്നു.<br><br>നിലവിലെ സംരംഭകന്റെ മരണത്തെ തുടർന്ന് ഒഴിവ് വന്ന തമ്പുരാൻപടി ലൊക്കേഷനിലേയ്ക്ക് പുതിയ അക്ഷയ സംരംഭകനെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ മന്ദലാംകുന്ന്, ചമ്മണ്ണൂർ എന്നി പുതിയ ലൊക്കേഷനുകളിലേയ്ക്ക് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പുതിയ അക്ഷയ സെന്ററുകൾ ആരംഭിക്കുന്ന നടപടി എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | നടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ